"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷന്റെ കിഴിൽ വരുന്ന PMAY(U) വിഭാഗം വ്യക്തിഗത ഗാർഹിക ഗുണഭോക്താക്കൾക്ക് യൂണിറ്റ് നിരക്കിന് ഉപരിയായി , ശൗചാലയം പണിയുന്നതിന് സ്വച്ച് ഭാരത് മിഷൻ (നഗരം) 2.0 പദ്ധതി പ്രകാരം അധിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്

സ.ഉ.(സാധാ) നം.364/2025/LSGD തീയതി,തിരുവനന്തപുരം, 06-02-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം. 292/2019/ത സ്വ വ തീയതി 11/02/2019
2. സ.ഉ (സാധാ) നം 1401/2023/ത സ്വ വ തീയതി 10/07/2023
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 31/10/2023 ലെ 4974/D1/2023/SM നമ്പർ കത്ത്
4. ശുചിത്വ മിഷൻ, എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21/12/2024 ലെ SM/1436/2024-D1 നമ്പർ കത്ത്

**ഉത്തരവ്**

ഭവന നിർമ്മാണ ധനസഹായത്തോടൊപ്പം ടോയ്‌ലെറ്റ് നിർമ്മാണത്തിന് അധിക ധനസഹായം ഗുണഭോക്താക്കകൾക്ക് ലഭ്യമാക്കുന്നതിനായി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . പരാമർശം (2) പ്രകാരം ടോയ്‌ലെറ്റിനൊപ്പം സെപ്റ്റിക്ക് ടാങ്ക് വാങ്ങി വയ്ക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നവർക്ക് 30,000/- രൂപയും (എസ്.ബി.എം വിഹിതം ഉൾപ്പെടെ) നൽകുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

2. ലൈഫ് പദ്ധതിയുടെ കീഴിൽ വരുന്ന PMAY (U), മറ്റ് ഭവന പദ്ധതികൾ എന്നിവയ്ക്ക് യൂണിറ്റ് നിരക്കിന് ഉപരിയായി, ശൗചാലയം പണിയുന്നതിന് സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തുക അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് 35-ാം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, ലൈഫ് പദ്ധതിയുടെ കീഴിൽ വരുന്ന PMAY (U), മറ്റ് ഭവന പദ്ധതികൾ എന്നിവയ്ക്ക് യൂണിറ്റ് നിരക്കിന് ഉപരിയായി ശൗചാലയം നിർമ്മിക്കുന്നതിന് സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതി പ്രകാരം എസ് ബി എം വിഹിതം-6667/-രൂപ മാത്രം അധികമായി അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടു .

3. നിലവിൽ ലൈഫ് -PMAY (G) ഗുണഭോക്താക്കൾക്ക്, സ്വച്ച് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയിൽ വ്യക്തിഗത ഗാർഹിക ശൗചാലയത്തിന് അനുവദിക്കേണ്ട ആകെ തുക 15,400/- ആണ്എന്നും എന്നാൽ ലൈഫ് - PMAY (G) പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ടോയ്‌ലെറ്റ് നിർമ്മാണത്തിനായി ആനുകൂല്യം നൽകുന്ന

അവസരത്തിൽ സ്വച്ഛ് ഭാരത് മിഷൻ വിഹിതം 12,000/- രൂപയാണ് അനുവദിക്കുന്നത് എന്നും അപ്രകാരം നിലവിൽ PMAY (G) ഗുണഭോക്താക്കൾക്ക് സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായ വ്യക്തിഗത ഗാർഹിക ശൗചാലയ വിഹിതം അനുവദിച്ചു നൽകുന്നുണ്ട് എന്നും ആയതിനാൽ ഇത്തരം ആനുകൂല്യം PMAY (U) ഗുണഭോക്താക്കൾക്ക് കൂടി ലഭിക്കുന്നത് ഗുണകരമായിരിക്കും എന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചു .

4. PMAY(U) ഗുണഭോക്താക്കൾക്ക് സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തി വ്യക്തിഗത ഗാർഹിക ശൗചാലയത്തിനുള്ള (IHHL) ധനസഹായം അനുവദിക്കുന്ന തീരുമാനം കൈക്കൊള്ളുന്നത് മൂലം എല്ലാ വീടുകളിലും വ്യക്തിഗത ഗാർഹിക ശൗചാലയം ഉറപ്പുവരുത്തുവാനും, നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യതയില്ലാതെ സ്വച്ഛ് ഭാരത് മിഷൻ (നഗരം) സ്കീം പൂർത്തിയാക്കുവാനും സഹായിക്കുന്നതാണ് എന്നും നിലവിൽ നഗര മേഖലയിലെ PMAY (U) ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായി 4 ലക്ഷം രൂപ ലഭിക്കുന്നതിനാൽ സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ വ്യക്തിഗത ഗാർഹിക ശൗചാലയത്തിനുള്ള ധനസഹായം അനുവദിക്കുന്ന അവസരത്തിൽ സ്വച്ഛ് ഭാരത് മിഷൻ (നഗരം) വിഹിതമായ 6667/- രൂപ (കേന്ദ്ര വിഹിതം 4000/- രൂപ. സംസ്ഥാന വിഹിതം 2667/- രൂപ) മാത്രം അനുവദിച്ചാൽ മതിയാകും എന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു .

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭകളിൽ വ്യക്തിഗത ഗാർഹിക ശൗചാലയ പരിപാടി നടപ്പിലാക്കുന്നതിന് ലൈഫ് മിഷന്റെ കീഴിൽ വരുന്ന PMAY (U) വിഭാഗം വ്യക്തിഗത ഗാർഹിക ഗുണഭോക്താക്കൾക്ക് യൂണിറ്റ് നിരക്കിന് ഉപരിയായി , ശൗചാലയം പണിയുന്നതിന് സ്വച്ച് ഭാരത് മിഷൻ (നഗരം) വിഹിതമായ 6667/- രൂപ അനുവദിച്ച് ഉത്തരവാകുന്നു .

6. 2023 മുതൽ PMAY(U) വ്യക്തിഗത ഭവനനിർമ്മാണപദ്ധതിയിൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളതും ഗഡുക്കൾ പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്കും പദ്ധതിയുടെ പുതിയ ഗുണഭോക്താക്കൾക്കും ഈ ആനുകൂല്യം നൽകാവുന്നതാണ്.

7. നഗരസഭകളിൽ നിന്നും ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക നേരിട്ട് അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (G& SSA/E& RSA) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഐ & പി ആർ ഡി( വെബ് & ന്യൂ മീഡിയ), തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 06-02-2025 10:50:00

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്